**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1897** **15-03-2022 - ൽ മറുപടിയ്ക്ക്**

**മാരാരിക്കുളം വോളിബോൾ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച ഉദയകുമാർ സ്മാരക വോളിബോൾ അക്കാദമി മാരാരിക്കുളം, യുവഭാരത് സാംസ്കാരികനിലയം ഇൻഡോർ വോളിബോൾ കോർട്ട് എന്നിവയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ? | (എ) | 2021-22 സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളിബോൾ അക്കാദമി മാരാരിക്കുളം, യുവഭാരത് സാംസ്കാരികനിലയം ഇൻഡോർ വോളിബോൾ കോർട്ട് എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 3 കോടി രൂപയും, 1 കോടി രൂപയും അടങ്കൽ തുകയായി പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തനത് സാമ്പത്തിക വർഷത്തിൽ മേൽ പ്രവൃത്തികൾക്കായി യഥാക്രമം 5 ലക്ഷം രൂപയും, 20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ നൽകിയിട്ടുള്ള മേൽ പദ്ധതികൾ കായിക വകുപ്പിന്റെ ശീർഷകത്തിലേക്ക് ധനകാര്യ വകുപ്പ് മാറ്റി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ